"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- എൻ.എസ്.എ.പി- 2023 മാർച്ച് മാസത്തെ സാമൂഹ്യസുരക്ഷാപെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4391/2023/FIN തീയതി,തിരുവനന്തപുരം, 09-06-2023

---

പരാമർശം:-
1. സ.ഉ (സാധാ) നം. 2919/2023/ധന തീയതി 10.04.2023
2. സ.ഉ (സാധാ) നം. 2927/2023/ധന തീയതി 10.04.2023
3. സ.ഉ (സാധാ) നം. 4359/2023/ധന തീയതി 08.06.2023
4. സ.ഉ (സാധാ) നം.4360/2023/ധന തീയതി 08.06.2023
5. പഞ്ചായത്ത് ഡയറക്ടറുടെ 07.06.2023 - ലെ LSGD/PD/24509/2023-SSP2നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എൻ.എസ്.എ.പി - പി.എഫ്.എം.എസ് ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് പുതുതായി രൂപീകരിച്ചിട്ടുള്ള 2235-03-101-99-01, 2235-02-101-54-01, 2235-60-102-88-01 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ 2023-24-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെന്നും, ആയതിലേയ്ക്കായി 2023 മാർച്ച് മുതൽ 2024 മാർച്ച് വരെ NSAP വിഹിതം വിതരണം ചെയ്യുന്നതിനായി 243,99,28,400/- രൂപ (ഇരുന്നൂറ്റി നാല്പത്തി മൂന്നു കോടി തൊണ്ണൂറ്റിയൊമ്പതു ലക്ഷത്തി ഇരുപത്തെട്ടായിരത്തി നാന്നൂറു രൂപ മാത്രം ) ആവശ്യമുണ്ടെന്നും ആയതിനാൽ ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനായി 2023-24 ബഡ്ജറ്റിൽ 2235-03-191-48-01, 2235-03-192-48-01, 2235-03-198-48-01 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ അനുവദിച്ച തുകയായ 150,03,00,000/- (നൂറ്റിയമ്പതു കോടി മൂന്നു ലക്ഷം) രൂപയിൽ നിന്നും 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ വിതരണത്തിനാവശ്യമുള്ള 37,53,73,600/-(മുപ്പത്തിയേഴു കോടി അമ്പത്തിമൂന്നു ലക്ഷത്തി എഴുപത്തി മൂവായിരത്തി അറുന്നൂറു രൂപ മാത്രം ) രൂപയിൽ പെൻഷൻ വിതരണം നടത്തുന്നതിന് ചെലവായ 30,83,58,400/- രൂപ കുറച്ച് ബാക്കി തുകയായ 119,19,41,600/- രൂപയോടൊപ്പം 124,79,86,800/- രൂപ

കൂടി അധിക ധനാനുമതിയായി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻ.എസ്.എ.പി ഗുണഭോക്താക്കൾക്കുള്ള കേന്ദ്ര ഗവൺമെന്റ് വിഹിതം ടി ഗുണഭോക്താക്കളുടെ പി.എഫ്.എം.എസ് അക്കൗണ്ട് വഴി വേണം കൈമാറ്റം ചെയ്യേണ്ടത്. എൻ.എസ്.എ.പി ഗുണഭോക്താക്കളെ പി.എഫ്.എം.എസിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിനായി ആരംഭിച്ച പുതിയ ഹെഡ് ഓഫ് അക്കൗണ്ടുകളിലേക്ക് 112,46,26,000/- (നൂറ്റിപ്പന്ത്രണ്ടു കോടി നാല്പത്തിയാറു ലക്ഷത്തി ഇരുപത്താറായിരം രൂപ മാത്രം) ധന പുനർവിനിയോഗം വഴി വകയിരുത്തിക്കൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. 3,69,64,000/- രൂപ (മൂന്നു കോടി അറുപത്തിയൊമ്പതു ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം ) ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷനുള്ള ഹെഡ് ഓഫ് അക്കൗണ്ടിലും (2235-02-101-54-01), 19,18,59,000/- രൂപ (പത്തൊമ്പതു കോടി പതിനെട്ടു ലക്ഷത്തി അമ്പത്തൊമ്പതിനായിരം രൂപ മാത്രം) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷനുള്ള ഹെഡ് ഓഫ് അക്കൗണ്ടിലും (2235-03-101-99-01), 89,58,03,000/ - രൂപ (എൺപത്തൊമ്പതു കോടി അമ്പത്തിയെട്ടു ലക്ഷത്തി മൂവായിരം രൂപ മാത്രം) ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻ ഷനുള്ള ഹെഡ് ഓഫ് അക്കൗണ്ടിലും (2235-60-102-88-01) വകയിരുത്തിയാണ് ഉത്തരവായത്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷനു വേണ്ടിയുള്ള 2235-03-101-99-01 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 131,53,03,000/- രൂപ (നൂറ്റിമുപ്പത്തിയൊന്നു കോടി അമ്പത്തിമൂന്നു ലക്ഷത്തി മൂവായിരം രൂപ മാത്രം) പരാമർശം (4) പ്രകാരം അധിക ധനാനുമതി മുഖാന്തിരം വകയിരുത്തിയും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 2023 മാർച്ച് മാസത്തിലേയ്ക്കുള്ള N S A P വിഹിതം നൽകുന്നതിനായി 5,90,103 ഗുണഭോക്താക്കൾ ക്ക് 19,92,44,700/- രൂപ (പത്തൊമ്പതു കോടി തൊണ്ണൂറ്റിരണ്ടു ലക്ഷത്തി നാല്പത്തിനാലായിരത്തി എഴുന്നൂറു രൂപ മാത്രം) താഴെ വിശദീകരിച്ചിട്ടുള്ളതരത്തിൽ കണക്കുശീർഷകങ്ങളിൽനിന്നും പിൻവലിച്ച് പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും ആയത്

പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളികളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

| കണക്കുശീർഷകം | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക | സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 2235-03-101-99-01 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 377581 | 9,61,42,700 | 40260784953 ഐ.എഫ്.എസ് കോഡ് – SBIN0070028 |
| 2235-60-102-88-01 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 205195 | 10,08,71,500 | 40260884255 ഐ.എഫ്.എസ് കോഡ് – SBIN0070028 |
| 2235-02-101-54-01 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 7327 | 22,30,500 | 40260899545 ഐ.എഫ്.എസ് കോഡ് – SBIN0070028 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

(ഫയൽ നം.2411262/എസ് എഫ് സി ബി1/23/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ